**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:31.01.2025**

## പ്രധാനവാർത്തകൾ

1) പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിന് രാഷ്ട്രപതിയുടെ അഭിസംബോധനയോടെ ഇന്ന് തുടക്കം. 2024-2025 ലെ സാമ്പത്തിക സർവ്വെ ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിന്റെ മേശപ്പുറത്ത് വെച്ചു. കേന്ദ്രബജറ്റ് നാളെ.

2) നടപ്പ് സാമ്പത്തിക വർഷത്തിൽ രാജ്യം 6.4 ശതമാനം ജി.ഡി.പി വളർച്ച കൈവരിക്കുമെന്ന് സാമ്പത്തിക സർവേ. ആഭ്യന്തര ഉത്പാദനത്തിൽ മികച്ച സംഭാവന നൽകി കാർഷിക മേഖല. സേവന മേഖലയിൽ രാജ്യം കൈവരിച്ചത് 11.6 ശതമാനം വളർച്ച.

3) മാലിന്യ നീക്കത്തിലുൾപ്പെടെ കേരളത്തിൻറെ പ്രകടനങ്ങൾക്ക് സാമ്പത്തിക സർവേയിൽ അഭിനന്ദനം.

4) സംസ്ഥാനത്ത് അടുത്ത മാസം മുതൽ വൈദ്യുതി ചാർജ് യൂണിറ്റിന് 9 പൈസ കുറയുമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി.

5) 38 -ാമത് ദേശീയ ഗെയിംസിൽ ബീച്ച് ഹാൻഡ് ബോൾ വനിതാ വിഭാഗത്തിൽ കേരളത്തിന് വെള്ളി.

6) രഞ്ജി ട്രോഫി ക്രിക്കറ്റിൽ ബിഹാറിനെ തോൽപിച്ച് കേരളം ക്വാർട്ടർ ഫൈനലിൽ

****************

RNU TVPM

# സാമ്പത്തിക സർവ്വെ

പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിന് ഇന്ന് തുടക്കമായി. രാഷ്ട്രപതിയുടെ അഭിസംബോധനയോടെയാണ് സമ്മേളന നടപടികൾ ആരംഭിച്ചത്. രാജ്യവികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനുമായി കേന്ദ്ര സർക്കാർ അതിവേഗം മുന്നോട്ടുപോവുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു നയപ്രഖ്യാപനത്തിൽ വ്യക്തമാക്കി. വികസിതഭാരതം എന്ന ഒരൊറ്റ ലക്ഷ്യമാണ് രാജ്യത്തിന് മുന്നിലുള്ളതെന്നും രാഷ്ട്രപതി പറഞ്ഞു. കേന്ദ്രബജറ്റിന് മുന്നോടിയായി 2024-2025 കാലയളവിലെ സാമ്പത്തിക സർവ്വെ റിപ്പോർട്ട് ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിന്റെ മേശപ്പുറത്ത് വെച്ചു.

നടപ്പ് സാമ്പത്തിക വർഷത്തിൽ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം 6.4 ശതമാനം വളർച്ച കൈവരിക്കുമെന്ന് സാമ്പത്തിക സർവേ വ്യക്തമാക്കുന്നു. 2026 ൽ ജിഡിപി വളർച്ചാ നിരക്ക് 6.3 നും 6.8 നും ഇടയിലായിരിക്കും. കാർഷിക മേഖലയും, അനുബന്ധ മേഖലകളുമാണ് മൊത്തം ജി.ഡി.പിയുടെ 16 ശതമാനവും സംഭാവന ചെയ്യുന്നത്. അടിസ്ഥാന സൗകര്യ മേഖല 2020 മുതൽ 24 വരെയുള്ള കാലയളവിൽ 38.8 ശതമാനം വളർച്ച കൈവരിച്ചു. കയറ്റുമതി 6 ശതമാനവും, സേവന മേഖല 11.6 ശതമാനവും വ്യവസായ മേഖല 6.2 ശതമാനവും വളർച്ചയാണ് ഈ സാമ്പത്തിക വർഷത്തിൽ കൈവരിച്ചത്. ബാങ്കിങ്, സ്റ്റോക്ക്, ഇൻഷുറൻസ് മേഖലകളും മികച്ച പ്രകടനം കാഴ്ചവച്ചു. പിഎം ഇൻറേൺഷിപ്പ് പദ്ധതി തൊഴിൽ മേഖലയിലെ വളർച്ചയ്ക്ക് ആക്കം കൂട്ടി. രാജ്യത്തെ വിലക്കയറ്റം 2026 ൽ നാല് ശതമാനത്തിനടുത്തായിരിക്കുമെന്നും സർവേയിൽ വ്യക്തമാക്കുന്നു . തൊഴിലില്ലായ്മ നിരക്ക് 2017-18 ൽ 6 ശതമാനമായിരുന്നത് 2023-24 ൽ 3.2 ശതമാനമായി കുറഞ്ഞു. രാജ്യത്തെ 26 ശതമാനം ജനങ്ങളും 10 നും 24 നും ഇടയിൽ പ്രായമുള്ളവരാണെന്ന പ്രത്യേകത, യുവത്വമേറിയ രാജ്യമായി ഇന്ത്യയെ മാറ്റി. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ സുസ്ഥിരവും, സമഗ്രവുമായ വളർച്ച ആവശ്യമാണ്. നിർമിത ബുദ്ധിയിലൂടെയുണ്ടാകുന്ന മാറ്റങ്ങളെ നേരിടാൻ പൊതു സ്വകാര്യ മേഖലകളും അക്കാദമിക സമൂഹവും യോജിച്ച് പ്രവർത്തിക്കണമെന്ന നിർദ്ദേശവും സാമ്പത്തിക സർവേ മുന്നോട്ട് വയ്ക്കുന്നു.

****************

PRD TVPM

## വി അനന്ത നാഗേശ്വരൻ (ഇൻട്രോ)

കാർഷിക മേഖല രാജ്യത്തിൻറെ ഭാവി
നിർണ്ണയിക്കുന്നതായും, ജി.ഡി.പിയിൽ ഈ മേഖലയ്ക്ക് നിർണായക സംഭാവനകൾ നൽകാനാകുമെന്നും മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ വി അനന്ത നാഗേശ്വരൻ. അടിസ്ഥാന സൗകര്യ വികസനത്തിൽ വൻ കുതിച്ചു ചാട്ടം ഉണ്ടാക്കാനും, ആഗോള സേവനത്തിൽ സുപ്രധാന പങ്കു വഹിക്കാനും രാജ്യത്തിന് സാധിക്കുന്നതായും സാമ്പത്തിക സർവേയുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.
(ഹോൾഡ് വോയ്സ്....)

****************

## സാമ്പത്തിക സർവേ- കേരളം ഇൻട്രോ

വിവിധ മേഖലകളിലെ കേരളത്തിൻറെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സർവേയിൽ അഭിനന്ദനം. കേരളത്തിലെ മാലിന്യ
നീക്കം മാതൃകാപരമാണെന്നും, തദ്ദേശ സ്ഥാപനങ്ങളിലൂടെ സുസ്ഥിര വികസനം നടപ്പാക്കുന്നതിൽ സംസ്ഥാനം മികച്ചു
നിൽക്കുന്നതായും സർവേയിൽ വ്യക്തമാക്കുന്നു. കാർഷിക സുസ്ഥിരതയിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ദേശീയ ശരാശരിയേക്കാൾ മുന്നിലാണ്. സേവന മേഖലയിൽ സംസ്ഥാനം മുന്നിട്ടു നിൽക്കുന്നതായും സർവേയിൽ പറയുന്നു. സുസ്ഥിര വികസന മാതൃകയിലൂടെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്ന ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമ പഞ്ചായത്തിൻറെ വിജയ
കഥയും സാമ്പത്തിക സർവേയിൽ പ്രതിപാദിക്കുന്നുണ്ട്.
ഇരട്ടയാറിൻറെ വിജയഗാഥയെക്കുറിച്ച് ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്..
(ഹോൾഡ്)

****************

## കേന്ദ്ര ബജറ്റ്

2025-26 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ നാളെ അവതരിപ്പിക്കും. ശ്രീമതി നിർമ്മല സീതാരാമന്റെ എട്ടാം ബജറ്റ് അവതരണമാണിത്. മൂന്നാം നരേന്ദ്ര മോദി സർക്കാരിന്റെ രണ്ടാം സമ്പൂർണ ബജറ്റാണ് നാളെ പാർലമെന്റിൽ അവതരിപ്പിക്കുന്നത്. കൃഷി, തൊഴിൽ, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം തുടങ്ങിയ

RNU TVPM

മേഖലകളിലെ ആകർഷണീയമായ പ്രഖ്യാപനങ്ങളും, ആദായ നികുതിയിലെ ഇളവുകളും അറിയാൻ രാജ്യം പ്രതീക്ഷയോടെയാണ് ബജറ്റിനെ ഉറ്റു നോക്കുന്നത്. വയനാടിനും, വിഴിഞ്ഞത്തിനുമായി സാമ്പത്തിക സഹായം, സംസ്ഥാനത്തിനായി പ്രത്യേക സാമ്പത്തിക പാക്കേജ്, വായ്പ്പാ പരിധിയിലെ വർദ്ധന എന്നിവയിലാണ് കേരളത്തിന്റെ പ്രതീക്ഷ.

****************

## രാഷ്ട്രപതി ഭവൻ പ്രതികരണം

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിൽ ഇരുസഭകളേയും അഭിസംബോധന ചെയ്യുന്നതിനിടെ ഒരു ഘട്ടത്തിലും രാഷ്ട്രപതി ദ്രൗപദി മുർമു ക്ഷീണിതയായിരുന്നില്ലെന്ന് വ്യക്തമാക്കി രാഷ്ട്രപതി ഭവൻ . കോൺഗ്രസിന്റെ മുതിർന്ന നേതാവ് സോണിയ ഗാന്ധി നടത്തിയ പരാമർശങ്ങൾ രാഷ്ട്രപതി ഭവന്റെ അന്തസ്സിന് മുറിവേൽപ്പിക്കുന്നതാണെന്നും ഇത് ഒരു തരത്തിലും അംഗീകരിക്കാനാകില്ലെന്നും പ്രസ്താവനയിൽ പറയുന്നു. പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും സ്ത്രീകൾക്കും കർഷകർക്കും വേണ്ടി സംസാരിക്കുന്നത് ഒരിക്കലും ക്ഷീണിതയാക്കില്ലെന്നാണ് രാഷ്ട്രപതി വിശ്വസിക്കുന്നത്. ബി ജെ പി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ ഉൾപ്പെടെയുള്ള നേതാക്കളും, ശ്രീമതി സോണിയ ഗാന്ധിയുടെ പരാമർശത്തെ അപലപിച്ച് രംഗത്തുവന്നു.

RNU TVPM

****************

## ദേശീയ ഗെയിംസ്

38 -ാമത് ദേശീയ ഗെയിംസിൽ ബീച്ച് ഹാൻഡ് ബോൾ വനിതാ വിഭാഗത്തിൽ കേരളത്തിന് വെള്ളി . രണ്ട് സ്വർണത്തിനും, രണ്ട് വെങ്കലത്തിനും പിന്നാലെ കേരളത്തിൻറെ അഞ്ചാം മെഡലാണിത്. വനിതകളുടെ വാട്ടർ പോളോയിൽ ഒഡീഷയെ പരാജയപ്പെടുത്തി കേരളം സെമി ഫൈനലിൽ പ്രവേശിച്ചു. പുരുഷ ബാഡ്മിൻറണിൽ കർണാടകയെയും, വനിതാ വിഭാഗത്തിൽ പഞ്ചാബിനെയും പരാജയപ്പെടുത്തിയാണ് കേരളം സെമിയിൽ കടന്നത്. നിലവിൽ പോയിൻറ് പട്ടികയിൽ 11-ആം സ്ഥാനത്താണ് കേരളം. 9 സ്വർണം ഉൾപ്പെടെ 17 മെഡലുകളുമായി കർണാടക ഒന്നാം സ്ഥാനത്തും, സർവീസസും, മഹാരാഷ്ട്രയും രണ്ടും മൂന്നും സ്ഥാനങ്ങളിലുമാണ്.

****************

## വൈദ്യുതി ചാർജ്

സംസ്ഥാനത്ത് അടുത്ത മാസം മുതൽ വൈദ്യുതി ചാർജ് യൂണിറ്റിന് 9 പൈസ കുറയുമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി. റെഗുലേറ്ററി കമ്മീഷന്റെ സർചാർജ്ജ് ഈടാക്കൽ ഈ മാസം അവസാനിക്കുന്നതിനാലാണ് ഇത്. എന്നാൽ, കെ എസ് ഇ ബി സ്വന്തം നിലയിൽ ഈടാക്കുന്ന 10 പൈസ സർചാർജ്ജ് അടുത്ത മാസവും തുടരുമെന്ന് മന്ത്രിയുടെ ഓഫീസ് അറിയിച്ചു.

****************

## ജോർജ് കുര്യൻ

കേരളത്തിൽ നിന്നുള്ള മൻ കീ ബാത്ത് ക്വിസ് സീസൺ ഫോർ വിജയികൾ കേന്ദ്രസഹമന്ത്രി ജോർജ് കുര്യനുമായി ന്യൂഡൽഹിയിലെ ഔദ്യോഗിക വസതിയിൽ കൂടിക്കാഴ്ച നടത്തി. നെഹ്റുയുവകേന്ദ്ര സംഘടിപ്പിച്ച ക്വിസ് മത്സര വിജയികളായ 34 പേരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.

****************

## ചോറ്റാനിക്കര-പീഢനം

ചോറ്റാനിക്കരയിൽ ആൺ സുഹൃത്തിൻറെ അതിക്രൂര പീഡനത്തിന് ഇരയായ പെൺകുട്ടി മരിച്ചു. കഴിഞ്ഞ ഏതാനും ദിവസങ്ങളായി സ്വകാര്യ ആശുപത്രിയിൽ വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് പെൺകുട്ടി ജീവൻ നിലനിർത്തിയിരുന്നത്. ആക്രമണം നടത്തിയ തലയോലപ്പറമ്പ് സ്വദേശി അനൂപിനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഉപദ്രവത്തിന് വിധേയയായതിനെ തുടർന്ന് പെൺകുട്ടി ആത്മഹത്യയ്ക്കു ശ്രമിച്ചതായാണ് ഇയാളുടെ മൊഴി.

RNI TVPM

****************

## ബാലരാമപുരം കൊലപാതകം

തിരുവനന്തപുരം ബാലരാമപുരത്ത് രണ്ട് വയസുകാരിയെ കൊലപ്പെടുത്തിയ സംഭവത്തിൽ അറസ്റ്റിലായ കുഞ്ഞിൻറെ അമ്മാവൻ ഹരികുമാറിനെ പോലീസ് വിശദമായി ചോദ്യം ചെയ്യുന്നു. ഇയാളെ ഇന്ന് മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കും. സംഭവവുമായി ബന്ധപ്പെട്ട് ജ്യോത്സ്യൻ ശംഖുമുഖം ദേവീദാസനെന്ന പ്രദീപ് കുമാറിനെ പൊലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തു. ഇന്നലെ രാവിലെയാണ് ബാലരാമപുരത്ത് താമസിക്കുന്ന ശ്രീതു - ശ്രീജിത്ത് ദമ്പതിമാരുടെ രണ്ട് വയസുള്ള പെൺകുഞ്ഞിനെ വീട്ടു മുറ്റത്തെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

****************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ ബിഹാറിനെ തോൽപിച്ച് കേരളം ക്വാർട്ടർ ഫൈനലിൽ. ഇന്നിങ്ങ്സിനും 169 റൺസിനുമാണ് കേരളത്തിന്റെ ജയം. സൽമാൻ നിസാറും ജലജ് സക്സേനയും കേരളത്തിനായി മികച്ച പ്രകടനം കാഴ്ചവെച്ചു.

****************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി - ഈസ്റ്റ് ബംഗാളിനെ നേരിടും. രാത്രി 07.30 ന് മുംബൈയിലാണ് മത്സരം.

****************

## ഓഹരി + സ്വർണ്ണം

റെക്കോഡ് വിലയിൽ സ്വർണം. പവന് വില 960 രൂപ വർധിച്ച് **61,840** രൂപയും, ഗ്രാമിന് 120 രൂപ ഉയർന്ന് **7,730** രൂപയുമാണ് ഇന്നത്തെ വില. രാജ്യത്തെ ഓഹരി വിപണികളിൽ ഇന്ന് നേട്ടം. സെൻസെക്സ് **740** പോയിൻറ് ഉയർന്ന് **77,500** ലും നിഫ്റ്റി **258** പോയിൻറ് നേട്ടത്തിൽ **23,508** ലും വ്യാപാരം അവസാനിപ്പിച്ചു.

****************

## അത്‌ലറ്റിക് മീറ്റ്

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രഥമ അത്‌ലറ്റിക് മീറ്റിന് തിരുവനന്തപുരത്തെ കേരള യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ തുടക്കമായി. ലോക വനിതാ ബോക്സിങ് ചാമ്പ്യനും ധ്യാൻചന്ദ് അവാർഡ് ജേതാവുമായ ലേഖ കെ.സി മീറ്റ് ഉദ്ഘാടനം ചെയ്തു.

****************

***********

*******

RNUTVPM